Draft #2 of File 8142/AD A2-3/2020/AD A 2 (PART-I) Approved by ASSISTANT REGISTRAR II (ADMIN) on 16-Oct-2026 10:22 AM - Page 1

മഹാത്മാഗാന്ധി സർവകലാശാല, കേരളം

സംഗ്രഹം

ഭരണവിഭാഗം - സർവകലാശാലാ പരീക്ഷാ കൺട്രോളർ ആയിരുന്ന ഡോ. ശ്രീജിത്ത് സി.എം.-ന്റെ അന്യത്രസേവനം റദ്ദ് ചെയ്തതിനെത്തുടർന്ന്, അദ്ദേഹത്തെ വിടുതൽ ചെയ്തുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, ചാപ്റ്റർ III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണ വിഭാഗം എ 2 സെക്ഷൻ

നമ്പർ. 9107/AD A 2/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.10.2026

പരാമർശം:-1. 11.09.2026 തീയതിയിലെ സ.ഉ.(സാധാ) നം. 1162/2026/HEDN സർക്കാർ ഉത്തരവ്.

2. 14.09.2026 തീയതിയിലെ സർവകലാശാല ഉത്തരവ് നം. 8230/AD A 2/2026/MGU.

3. 17.09.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് (ഇനം നം: 04/26.10/8142/AD A 2-3/2020/AD A 2).

ഉത്തരവ്

മഹാത്മാഗാന്ധി സർവകലാശാലാ പരീക്ഷാ കൺട്രോളർ ആയിരുന്ന ഡോ. ശ്രീജിത് സി.എം (പ്രൊഫസർ, എസ്.എൻ.എം.കോളേജ്, മാല്യങ്കര).-ന്റെ അന്യത്രസേവന വ്യവസ്ഥ റദ്ദ് ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹത്തെ 14.09.2026 A.N. തീയതിയിൽ പരീക്ഷാ കൺട്രോളർ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന്, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, ചാപ്റ്റർ III, സെക്ഷൻ 10 (17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവാകുകയും, തദനുസരണം പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

വൈസ് ചാൻസലർ കൈക്കൊണ്ട മേൽനടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുകയും 17.09.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

" ഡോ. ശ്രീജിത് സി.എം.-ന്റെ അന്യത്രസേവന വ്യവസ്ഥ റദ്ദ് ചെയ്തുകൊണ്ട് 11.09.2026 തീയതിയിലെ സ.ഉ.(സാധാ) നം.1162/2026/HEDN സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, എസ്.എൻ.എം. കോളേജ്, മാല്യങ്കരയിലെ പ്രൊഫസറായ ഡോ. ശ്രീജിത് സി.എം.-നെ 14.09.2026 A.N. തീയതിയിൽ പരീക്ഷാ കൺട്രോളർ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന്, മഹാത്മാഗാന്ധി സർവകലാശാല, ആക്ട്, 1985, ചാപ്റ്റർ III, സെക്ഷൻ 10 (17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും,

തദനുസരണം പുറപ്പെടുവിച്ച 14.09.2026 തീയതിയിലെ 8230/AD A 2/2026/MGU നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യ.''

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജയലക്ഷ്മി പി ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ. ശ്രീജിത് സി.എം.
2. വൈസ് ചാൻസലറുടെ പി. എസ്.
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ
4. എ.സി.സി 1/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്
5. എ .ഡി. എ 1, ഓഡിറ്റ്, ഫിനാൻസ്, IQAC
5. ജോയിന്റ് രജിസ്ട്രാർ, K.S.A.D
6. വെബ്സൈറ്റ് / റെക്കോർഡ്സ്

Draft #2 of File 8142/AD A2-3/2020/AD A 2 (PART-I) Approved by ASSISTANT REGISTRAR II (ADMIN) on 16-Oct-2026 10:22 AM - Page 2

The document is digitally approved. Hence signature is not needed.